"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - തരിയോട് നിർമ്മല ഹൈസ്കൂളിലെ ക്ലർക്കായ ശ്രീ.ജോഷി എൻ.കെ. ഫയൽ ചെയ്ത റിട്ട് ഹർജി നം.2511/2025-യിലെ 27.03.2025 തീയതി ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.4646/2026/GEDN തീയതി,തിരുവനന്തപുരം, 14-07-2026

---

പരാമർശം:-

1. 2511/2025-യിലെ 27.03.2025 തീയതിയിലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം.
2. വയനാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 13.11.2025-ലെ ഡി.ഇ.ഒ/198/2025/ബി4(1) നമ്പർ റിപ്പോർട്ട്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17.11.2025-ലെ ഡിജിഇ/22887/2025-ഇഎം5 നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

തരിയോട് നിർമ്മല ഹൈസ്കൂളിലെ ക്ലർക്കായ ശ്രീ.ജോഷി എൻ.കെ. ഫയൽ ചെയ്ത റിട്ട് ഹർജി നം.2511/2025-യിലെ 27.03.2025 തീയതി ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായ പ്രകാരം, എക്സിബിറ്റ് പി -10 ഹർജി, എക്സിബിറ്റ് പി -14 വിധിന്യായത്തിന്റെ വെളിച്ചത്തിൽ പരിശോധിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയം 18.11.2025 ന് നേരിൽ കേട്ടു.

3. ഹർജിക്കാരന്റെ വാദഗതികൾ ഇപ്രകാരമാണ്. തരിയോട് നിർമ്മല ഹൈസ്കൂളിൽ നിലവിൽ ക്ലാർക്ക് ആയി ജോലി ചെയ്യുന്നു. ഇതേ സ്കൂളിൽ എഫ്.ടി.സി.എം തസ്തികയിലാണ് ജോലിയിൽ പ്രവേശിച്ചത്. 02/06/2008-ന് ശ്രീമതി.മേരി ജോർജ് ഓഫീസ് അറ്റൻഡന്റായി സ്ഥാനക്കയറ്റം ലഭിച്ച ഒഴിവിലാണ് നിയമനം നൽകിയത്. ഇയാളുടെ നിയമനം അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. എന്നാൽ തന്റെ നിയമനം അനധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി നിയമനം നൽകുക വഴി നിയമനം അംഗീകരിക്കപ്പെട്ടത് 01/06/2011 മുതൽ ആണ്. എന്നാൽ താൻ സർവീസിൽ പ്രവേശിച്ചത് 02/06/2008-ൽ ആണ്. അതിനാൽ നിയമനം മുൻകാല പ്രാബല്യത്തോടെ അംഗീകരിക്കപ്പെടാനും അതിനനുസരണമായ സാമ്പത്തിക ആനുകൂല്യങ്ങൾക്കും അർഹനാണ്.

4. പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. തരിയോട് നിർമ്മല ഹൈസ്കൂളിൽ എഫ്.ടി.എം ആയിരുന്ന ശ്രീമതി മേരി ജോർജ്ജിന് 02/06/2008-ന് ഓഫീസ്

അറ്റൻഡന്റായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ 02/06/2008 മുതൽ ശ്രീ. ജോഷി എൻ.കെ.യെ മാനേജർ എഫ്.ടി.എം. തസ്തികയിൽ നിയമിച്ചു. തരിയോട് നിർമ്മല ഹൈസ്കൂൾ പുതിയ സ്കൂളുകളുടെ ഗണത്തിൽപ്പെടുന്നതായതിനാൽ സംരക്ഷിതാദ്ധ്യാപകൻ നിയമിക്കപ്പെട്ടിട്ടില്ല എന്ന കാരണം ചൂണ്ടിക്കാട്ടി 01/02/2006-ലെ ജി.ഒ(പി) നമ്പർ 46/2006/പൊ.വി.വ ഉത്തരവിനെ അടിസ്ഥാനമാക്കി ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. പിന്നീട് അനധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി നിയമനം 01/06/2011 മുതൽ അംഗീകരിക്കപ്പെടുകയുണ്ടായി. 02/06/2008 മുതൽ 01/06/2011 വരെയുള്ള നിയമനം അംഗീകരിക്കുന്നതിന് വേണ്ടി ടിയാൾ ഫയൽ ചെയ്ത റിട്ട് ഹർജിയിന്മേലുള്ള വിധിന്യായം പാലിച്ച് 07/02/2024 തീയ്യതിയിൽ സ.ഉ.(സാധാ) നമ്പർ 1078/2024/പൊ.വി.വ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. 22/05/1979-ന് ശേഷം ആരംഭിച്ച സ്കൂളുകളുടെ ഗണത്തിൽപ്പെട്ട തരിയോട് നിർമ്മല ഹൈസ്കൂളിൽ 01/06/2010 മുതലുള്ള എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിലെ ഒഴിവ് സംരക്ഷിതാദ്ധ്യാപകനെ നിയമിക്കുന്നതിനായി മാറ്റിവെച്ചിട്ടുള്ളതിനാൽ ശ്രീ.ജോഷി എൻ.കെ.യുടെ എഫ്.ടി.എം. തസ്തികയിലെ നിയമനം 01/06/2010 മുതൽ അംഗീകരിച്ചു നൽകാൻ ഉത്തരവായി. 02/06/2008 മുതൽ 31/05/2010 വരെയുള്ള സേവനകാലം കൂടി അംഗീകരിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീ.ജോഷി എൻ.കെ. വീണ്ടും റിട്ട് ഹർജി ഫയൽ ചെയ്യുകയും 08/07/2024 ലെ സ.ഉ (സാധാ) നമ്പർ 4251/2024/പൊ.വി.വ പ്രകാരം ടി റിട്ട് ഹർജിയിലെ വിധിന്യായം പാലിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. 02/06/2008 മുതൽ 31/05/2010 വരെ കാലയളവിൽ ടി സ്കൂളിൽ സംരക്ഷിതാദ്ധ്യാപകനെ നിയമിക്കുന്നതിനായി തസ്തിക മാറ്റി വെയ്ക്കുകയോ സംരക്ഷിതാദ്ധ്യാപകൻ ജോലി ചെയ്യുകയോ ചെയ്തിട്ടുണ്ടോ എന്നത് സ്കൂൾ റിക്കോർഡുകൾ സഹിതം പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിനും ബോദ്ധ്യപ്പെടുന്ന പക്ഷം ടിയാന്റെ മേൽ കാലയളവിലെ നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമാണെങ്കിൽ അംഗീകരിച്ച് നൽകുന്നതിനും വയനാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകികൊണ്ടാണ് ഉത്തരവായത്. 02/06/2008 മുതൽ 31/05/2010 വരെ കാലയളവിൽ ടി സ്കൂളിൽ സംരക്ഷിതാദ്ധ്യാപകനെ നിയമിക്കുകയോ സംരക്ഷിതാദ്ധ്യാപക തസ്തിക നീക്കി വെയ്ക്കുകയോ ചെയ്തിട്ടില്ലെന്ന് സ്കൂൾ റിക്കോർഡുകൾ പരിശോധിച്ചതിൽ നിന്ന് ബോധ്യപ്പെടുകയുണ്ടായ സാഹചര്യത്തിൽ ടിയാന്റെ 02/06/2008 മുതൽ 31/05/2010 വരെയുള്ള കാലയളവിലെ എഫ്.ടി.എം. തസ്തികയിലെ നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകിയില്ല. ടി കാലയളവിലെ നിയമനം കൂടി അംഗീകരിച്ചു ലഭിക്കുന്നതിനാണ് നിലവിൽ റിട്ട് ഹർജി വീണ്ടും ഫയൽ ചെയ്തിട്ടുള്ളത്. 05/12/1989 മുതൽ 10/11/1993 വരെ കാലയളവിൽ ശ്രീമതി ലിസി പി. ജോർജ്ജ് എന്ന സംരക്ഷിതാദ്ധ്യാപിക എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) തസ്തികയിൽ ടി സ്കൂളിൽ സേവനം ചെയ്തതായും മാതൃ വിദ്യാലയത്തിലേക്ക് മടങ്ങിയതായും സ്കൂൾ റിക്കോർഡുകൾ പരിശോധിച്ചതിൽ നിന്ന് ബോധ്യപ്പെട്ടിട്ടുണ്ട് എന്നും 01/06/2010 ന് എച്ച്.എസ്.ടി (ഇംഗ്ളീഷ്) തസ്തികയും 01/06/2011 ന് എച്ച്.എസ്.ടി (ഹിന്ദി) തസ്തികയും സംരക്ഷിതാധ്യാപകർക്കായി മാറ്റിവച്ചു എങ്കിലും നിലവിൽ ജില്ലയിൽ സംരക്ഷിതാധ്യാപകർ ഇല്ല എന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിക്കുകയുണ്ടായി എന്നും ജെ2/57/2019/പൊ.വി.വ തീയ്യതി 08-03-2019 സർക്കാർ സർക്കുലർ പ്രകാരം 31-03-2019 ന് വിരമിക്കൽ മൂലമുണ്ടായ ഒരു എച്ച്.എസ്.ടി (നാച്ചുറൽ സയൻസ്) തസ്തിക സംരക്ഷിതാദ്ധ്യാപകർക്കായി മാറ്റിവെച്ച് മാനേജർ സത്യപ്രസ്താവന നൽകിയതിനെ തുടർന്ന് ശ്രീമതി അസ്മ വില്ലംകണ്ടിയിൽ എന്ന സംരക്ഷിതാദ്ധ്യാപിക 16/12/2021 മുതൽ സേവനത്തിൽ പ്രവേശിക്കുകയും വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് പ്രകാരം 23/11/2022 ന് മാതൃവിദ്യാലയത്തിലേക്ക് വിടുതൽ ചെയ്തിട്ടുമുണ്ടെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നദീറ vs സ്റ്റേറ്റ് ഓഫ് കേരള (2013(2) KLT88) യിൽ ഉണ്ടായ ബഹു. കേരള ഹൈക്കോടതിയുടെ വിധിയിൽ വിദ്യാഭ്യാസ

അധികാരികൾക്ക് സംരക്ഷിതാധ്യാപകരെ സമയത്തിന് നല്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ നിയമനങ്ങൾ അംഗീകരിക്കുന്നതിൽ തടസ്സമില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതേ വിദ്യാലയത്തിലെ എച്ച്.എസ്.ടി (നാച്ചുറൽ സയൻസ്) തസ്തികയിൽ 01/10/2022 മുതൽ നിയമിതയായ ശ്രീമതി സ്റ്റെല്ലാ സെബാസ്റ്റ്യൻ എന്ന അധ്യാപികയുടെ നിയമനം മുൻകാല പ്രാബല്യമില്ലാതെ 01/02/2006 മുതൽ അംഗീകരിക്കപ്പെടുകയും ആയതിനെതിരെ ടിയാൾ സമർപ്പിച്ച ഹർജിയിൻ മേൽ പൊതുവിദ്യാഭ്യാസ (എ) വകുപ്പിൽ നിന്നുള്ള 21/12/2019 തിയ്യതിയിലെ എ3/222/2017പൊ.വി.വ നം. സർക്കാർ കത്ത് പ്രകാരം നദീറ കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ 1/10/2002 മുതൽ 31/1/2006 വരെ കാലയളവിലെ നിയമനം അംഗീകരിച്ചു നൽകുന്നതിന് നിർദേശം ലഭിക്കുകയും ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനാംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ശ്രീ.ജോഷി എൻ.കെ. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 2511/2025-മേലുള്ള 27/03/2025 ലെ വിധിന്യായ പ്രകാരം ടിയാളുടെ ഹർജി എക്സിബിറ്റ് പി 14 എന്ന വിധിന്യായ പ്രകാരം പരിഗണിക്കാനാണ് നിർദേശിച്ചിരിക്കുന്നത്. ടി വിധിന്യായത്തിൽ, മാനേജർ ജി.ഓ (പി) 10/10 പ്രകാരമുള്ള ബോണ്ട് വച്ചതായി കണക്കാക്കി പുൽപ്പള്ളി വിജയ എച്ച്.എസ്.എസ്-ലെ ഹർജിക്കാരുടെ നിയമനം നിയമന തീയതി മുതൽ അംഗീകരിച്ചു നൽകാനാണ് നിർദേശം. പുൽപ്പള്ളി വിജയ എച്ച്.എസ്.എസ് ഒരു പഴയ സ്കൂൾ ആണ്. ശ്രീ.ജോഷി എൻ.കെ-യുടെ 02/06/2008 മുതൽ 31/05/2010 വരെയുള്ള കാലയളവിലെ എഫ്.ടി.എം തസ്തികയിലെ നിയമനം ജി.ഓ (പി) 10/10 പ്രകാരമുള്ള ബോണ്ട് വ്യവസ്ഥയുടെ പരിധിയിൽ വരുന്നതല്ല. തരിയോട് നിർമ്മല ഹൈസ്കൂൾ പുതിയ സ്കൂളിന്റെ ഗണത്തിൽ വരുന്നതിനാൽ ആയതുമായി ബന്ധപ്പെട്ട സംരക്ഷിതാധ്യാപക നിയമനം ആണ് ടി കേസിൽ ബാധകം. 01/10/2002 മുതൽ 31/01/2006 വരെ കാലയളവിൽ ടി സ്കൂളിൽ സംരക്ഷിതാദ്ധ്യാപകരാരും ഇല്ലെങ്കിൽ കൂടി 01/10/2022 മുതൽ നിയമിതയായ ശ്രീമതി സ്റ്റെല്ലാ സെബാസ്റ്റ്യൻ എന്ന അധ്യാപികയുടെ മേൽ കാലയളവിലെ നിയമനം അംഗീകരിക്കപ്പെട്ടിട്ടുള്ളതിനാൽ ശ്രീ. ജോഷി എൻ.കെ യുടെ 02/06/2008 മുതൽ 31/05/2010 വരെയുള്ള എഫ്.ടി.എം തസ്തികയിലെ നിയമനവും പരിഗണനാർഹമാണ് എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഈ വിഷയം ഹിയറിംഗിൽ ഉന്നയിക്കപ്പെട്ട വാദഗതികളും, ഹർജിക്കാരൻ സമർപ്പിച്ച രേഖകളും, വിദ്യാഭ്യാസ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടുകളും, നിലവിലുള്ള നിയമവ്യവസ്ഥകളും, ബഹു. കേരള ഹൈക്കോടതിയുടെ Nadeera Vs. State of Kerala [2013 (2) KLT 88] എന്ന കേസിലെ വിധിന്യായവും അടിസ്ഥാനമാക്കി വിശദമായി പരിശോധിച്ചു. ശ്രീ. ജോഷി എൻ.കെ.യുടെ എഫ്.ടി.സി.എം തസ്തികയിലെ നിയമനം 02.06.2008-ന് നടന്നതും അത് 19.11.2009-ന് മുമ്പുള്ള നിയമനവുമാണെന്ന് ബോധ്യപ്പെട്ടു. അന്നത്തെ സാഹചര്യത്തിൽ സംരക്ഷിത അധ്യാപകരുടെ പട്ടിക മാനേജർക്ക് ലഭ്യമാക്കേണ്ട ഉത്തരവാദിത്തം വിദ്യാഭ്യാസ അധികാരികൾക്കായിരുന്നതിനാലും, പ്രസ്തുത പട്ടിക മാനേജർക്ക് ലഭ്യമാക്കിയിട്ടില്ലെങ്കിൽ നിയമനം യഥാർത്ഥ നിയമന തീയതി മുതൽ അംഗീകരിക്കേണ്ടതാണെന്ന് ബഹു. ഹൈക്കോടതി നദീറ കേസിൽ വ്യക്തമാക്കിയിട്ടുള്ളതിനാലും, ബന്ധപ്പെട്ട കാലയളവിൽ വിദ്യാഭ്യാസ അധികാരികൾ സംരക്ഷിത അധ്യാപകരുടെ പട്ടിക മാനേജർക്ക് ലഭ്യമാക്കിയിട്ടില്ലെന്ന് സ്ഥിരീകരിക്കുന്ന പക്ഷം, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ ശ്രീ. ജോഷി എൻ.കെ.യുടെ എഫ്.ടി.സി.എം തസ്തികയിലെ 02.06.2008 മുതൽ 31.05.2010 വരെയുള്ള സേവനം കൂടി അംഗീകരിച്ച് ടി നിയമനം നിയമനത്തീയതി മുതൽ പ്രാബല്യത്തിൽ അംഗീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കി അപ്രകാരം ശ്രീ.ജോഷി എൻ.കെ. ഫയൽ ചെയ്ത റിട്ട് ഹർജി നം.2511/2025-യിലെ 27.03.2025 തീയതിയിലെ വിധിന്യായം

പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിന്ദു ആർ

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (അറിവിലേക്കായി)

ശ്രീ.ജോഷി എൻ.കെ., നമ്പൂശ്ശേരിയിൽ, തരിയോട് പി.ഒ., വയനാട്-673 575

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപഡയറക്ടർ,വയനാട്

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വയനാട്

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ,വയനാട്

മാനേജർ, നിർമ്മല ഹൈസ്കൂൾ, എട്ടാം മൈൽ, തരിയോട് പി.ഒ., വയനാട് - 673 589

ഹെഡ്മാസ്റ്റർ, നിർമ്മല ഹൈസ്കൂൾ, എട്ടാം മൈൽ, തരിയോട് പി.ഒ., വയനാട് - 673 589

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി (S1/145/2024-G.EDN)

ഉത്തരവിൻ പ്രകാരം

Digitally signed by
Resmi Babu
Date: 15-07-2026
13:15:55

സെക്ഷൻ ഓഫീസർ

പകർപ്പ്: പൊതുവിദ്യാഭ്യാസ സ്പെഷൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.